71 (1803) സമാന്തര സർവ്വീസുകളെ നിയന്ത്രിക്കാൻ നടപടി

ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ നിലനിൽപ്പിനുതന്നെ ഭീഷണനിയായിത്തീർന്നിരിക്കുന്ന സമാന്തര സർവ്വീസുകളെ നിയന്ത്രിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിലേയ്ക്കായി എന്തൊക്കെ നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതിലേക്കായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം കൂടി തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ എന്ന്; എന്തൊക്കെയാണ് പ്രസ്തുത തീരുമാനങ്ങൾ; യോഗത്തിൽ ഏതൊക്കെ ഉദ്യോഗസ്ഥൻമാരാണ് സംബന്ധിച്ചിരുന്നത്;

(ഡി) പ്രസ്തുത തീരുമാനങ്ങൾ അനുസരിച്ച് എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ അതിനുള്ള കാരണം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സമാന്തര സർവ്വീസുകൾ നിറുത്തലാക്കാനാവശ്യമായ നടപടികൾ എടുക്കാൻ എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 22.1.98-ൽ എംപവേർഡ് കമ്മിറ്റി കൂടുകയുണ്ടായി. തീരുമാനത്തിന്റെ കരട്† പ്രതി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. പ്രസ്തുത തീരുമാനങ്ങളനുസരിച്ച് 36622/ഡി 3/97/ട്രാൻ. തീയതി 5.2.98 നമ്പർ കത്ത് പ്രകാരം (സി3/18286/ടി.ഡി./98) എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മിഷണർമാർക്കും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും സ്പെഷ്യൽ ചെക്കിംഗ് നടത്തുവാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

72 (1804) പെർമിറ്റ് ലഭിക്കാത്ത കെ.എസ്.ആർ.ടി.സി. ബസ്സുകൾ

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ ഏതെങ്കിലും ബസ്സുകൾ പെർമിറ്റോ മോട്ടോർ വാഹന വകുപ്പിന്റെ മറ്റ് അനുമതിയോ ലഭിക്കാത്തതിന്റെ പേരിൽ സർവ്വീസ് നടത്താതെ ഇട്ടിട്ടുള്ളതായി അറിയാമോ;

(ബി) എങ്കിൽ അപ്രകാരം എത്ര വാഹനങ്ങൾ ഉണ്ടെന്നും അതിനുള്ള കാരണമെന്താണെന്നും വിശദമാക്കുമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly